"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കൈനകരി ഗ്രാമപഞ്ചായത്തിൽ SAI പുന്നമടയിലെ കോസ്റ്റ് ഇൻഡക്സ് നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.395/2020/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം, 17/02/2020

---

പരാമർശം:- 1 കൈനകരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.12.2018 -ലെ എ2/612/ 2017 നമ്പർ കത്ത്.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.11.2019-ലെ DB3/753/2013/CE/തസ്വഭവ നമ്പർ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ന് കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.21

<u>ഉത്തരവ്</u>

വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമായ കൈനകരി ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനത്തിന് സാധനസാമഗ്രികൾ എത്തിക്കുന്നത് ജംഗാർ മാർഗ്ഗമോ ബോട്ടു മാർഗ്ഗമോ ആയതിനാൽ നിർമ്മാണ ചെലവ് കൂടുമെന്നും എന്നാൽ ആലപ്പുഴ ജില്ലയിലെ CPWD നിരക്കായ 148.71 കോസ്റ്റ് ഇൻഡക്സാണ് ഇവിടെ നിലവിൽ ബാധകമെന്നതിനാൽ കൈനകരിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്താൻ ബുദ്ധിമുട്ട് നേരിടുന്നുവെന്നും കൈനകരി പോലുള്ള വെള്ളത്താൽ ചുറ്റപ്പെട്ട ഭൂപ്രകൃതിക്ക് സമാനമായ ആലപ്പുഴ പുന്നമട പ്രദേശത്ത് ലഭിക്കുന്ന ഉയർന്ന കോസ്റ്റ് ഇൻഡക്സ് ആയ സായ് പുന്നമട കോസ്റ്റ് ഇൻഡക്സ് പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയും ഉയർന്ന റേറ്റും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം കൈനകരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൈനകരി ഗ്രാമപഞ്ചായത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് കുറവായതിനാൽ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കാൻ കഴിയുന്നില്ല എന്നും പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം കൈനകരി പ്രദേശത്ത് നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് സായ് പുന്നമടയിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരമാണ് എസ്റ്റിമേറ്റ് എടുക്കുന്നതെന്നും അതിനാൽ പൊതു മരാമത്ത് വകുപ്പിൽ അനുവദിച്ചു നൽകിയിരിക്കുന്നതുപോലെ കൈനകരി ഗ്രാമപഞ്ചായത്തിൽ സായ് പുന്നമടയിലെ

കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കൈനകരി ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവർത്തികൾക്ക് പൊതു മരാമത്ത് വകുപ്പിൽ അനുവദിച്ചു നൽകിയിരിക്കുന്നതുപോലെ, സായ് പുന്നമടയിലെ കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചെയർമാൻ, ആലപ്പുഴ ജില്ലാ ആസൂത്രണ സമിതി
പ്രസിഡണ്ട്/ സെക്രട്ടറി, കൈനകരി ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ